ഉത്തരം

(എ & ബി) കെ. എ. പി. രണ്ടാം ബറ്റാലിയനിൽ പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകളിലേക്കുള്ള നിയമനത്തിനായി 4 ബാച്ചുകളിലായി 998 പേരെ പി. എസ്. സി. ശുപാർശ ചെയ്തു. അതിൽ 831 ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട്.

(സി) അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് താമസംവിനാ മെഡിക്കൽ ടെസ്റ്റ്, പോലീസ് വെരിഫിക്കേഷൻ ഇത്യാദി നടപടിക്രമങ്ങൾ കഴിഞ്ഞ ശേഷമാണ് നിയമന ഉത്തരവ് നല്കുന്നത്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ചിന്താ വളപ്പിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കാൻ നടപടി

59 [3441] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ചിന്താ വളപ്പിൽ പുതിയ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുവേണ്ടി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഇവിടെ 16 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ പണിയുന്നതിന് എം. ഒ. പി. എഫ്. സ്കീമിൽപ്പെടുത്തി അനുമതി നൽകുകയും ഇതിനാവശ്യമായ തുക കെ. പി. എച്ച്. സി. സി.-യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചിന്താ വളപ്പിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്ന പണികൾ കഴിഞ്ഞു. കെട്ടിടത്തിന് അടിത്തറ നിർമ്മിക്കുന്നതിന് വേണ്ടി മണ്ണു പരിശോധന നടത്തുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് അതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കി ബന്ധപ്പെട്ട പണികൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കട്ടച്ചൽക്കുഴി ശ്രീകലയെ മർദ്ദിച്ചത് സംബന്ധിച്ച പരാതി

60 [3442] ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലരാമപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കട്ടച്ചൽക്കുഴി ചരുവിള വീട്ടിൽവച്ചു ചാരായ വില്പന നടത്തിയത് പോലീസിനെ അറിയിച്ചതിനെ തുടർന്ന് കട്ടച്ചൽക്കുഴി തിരണിവിള വീട്ടിൽ ശ്രീകലയെ വേണു മർദ്ദിച്ചത് സംബന്ധിച്ച് എത്ര പരാതി ലഭിച്ചു; അതിൻമേൽ എന്തു നടപടിയെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly